KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.98/PR/PIC/PHQ/17 Date : 14.05.2017

---

## ഒറ്റനമ്പർ ലോട്ടറികൾക്കെതിരെയും നിയമവിരുദ്ധ ലോട്ടറികൾക്കെതിരെയും കർശന നടപടിയെടുക്കാൻ നിർദ്ദേശം

നിയമവിരുദ്ധമായ ഒറ്റനമ്പർ ലോട്ടറികളും വ്യാജ ലോട്ടറികളും വിൽപന നടത്തുന്ന ക്രിമിനൽ സംഘങ്ങൾക്കെതിരെ ശക്തമായ നടപടി കൈക്കൊള്ളുന്നതിന് സംസ്ഥാന പോലീസ് മേധാവി ഡോ. ടി.പി.സെൻകുമാർ സോണൽ എ.ഡി.ജി.പി.മാർക്കും റേഞ്ച് ഐ.ജി.മാർക്കും ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകി. ഒറ്റ നമ്പർ ലോട്ടറി കൂടാതെ അയ്യായിരം രൂപയോ അതിനുതാഴെയോ ഉള്ള സമ്മാനത്തുക നമ്പരിൽ കൃത്രിമം കാണിച്ച് ഏജന്റിനെ കബളിപ്പിച്ച് കൈക്കലാക്കുന്ന പ്രവണതയും കണ്ടുവരുന്നുണ്ട്. ഇത്തരത്തിലുള്ള ഒറ്റനമ്പർ ലോട്ടറികളും നിയമവിരുദ്ധ ലോട്ടറികളും വിൽക്കുന്നവരുടെ വിവരം ശേഖരിച്ച് അവർക്കെതിരെ നടപടി സ്വീകരിക്കണം. നമ്പരുകളിൽ കൃത്രിമം കാട്ടി പണം തട്ടുന്നവർക്കെതിരെ വഞ്ചന, ഫോർജറി എന്നിവയ്ക്കുള്ള വകുപ്പുകൾ ഉപയോഗിച്ച് കേസ് എടുക്കണം. ഏജന്റുമാർ സമ്മാനം നൽകുന്നതിന് മുമ്പ് സമ്മാനം ലഭിച്ചയാളുടെ ഫോട്ടോ ടിക്കറ്റിനോടൊപ്പം മൊബൈലിൽ എടുക്കുകയോ അല്ലെങ്കിൽ ആധാർ നമ്പരോ മറ്റ് തിരിച്ചറിയിൽ രേഖകളോ വാങ്ങി സൂക്ഷിക്കുകയോ വേണം. ഇക്കാര്യം എല്ലാ ഏജന്റുമാരെയും അറിയിക്കണം. ഇതുവഴി വ്യാജ ലോട്ടറി ടിക്കറ്റ് ഉപയോഗിച്ച് പണം തട്ടുന്ന പ്രവണത ഇല്ലാതാക്കാൻ കഴിയുമെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.

***************